ബ്രാഞ്ചുകളിലും പ്രോസിക്യൂട്ടിവുമാരുടെ സേവനം ലഭ്യമാണോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(എഫ്) കേരള സംരംഭകത്വ വികസന നിയമത്തിന്റെ അതിലംഘനത്തിന് കടാടിസ്ഥാനത്തിൽ പ്രോസിക്യൂട്ടിവുമാരെ നിയമിച്ചിട്ടുണ്ടോ; കെ.എഫ്.സി.യുടെ എല്ലാ ബ്രാഞ്ചുകളിലും പ്രോസിക്യൂട്ടിവുമാരുടെ സേവനം ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ധനകാര്യ വകുപ്പിൽ അനന്തര നടപടി സ്വീകരിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) 31-5-2015-ലെ കണക്കുകൾ പ്രകാരം സംരംഭകത്വ വികസന നിയമത്തിന്റെ അതിലംഘനത്തിന് 1044 സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. ഇതിൽ കെ.എഫ്.സി.യിൽ നിന്നും 791 സംരംഭങ്ങൾക്കും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 253 സംരംഭങ്ങൾക്കുമാണ് വായ്പ അനുവദിച്ചിട്ടുള്ളത്.

(ഡി) 31-5-2015-ലെ കണക്കുകൾ പ്രകാരം സംരംഭകത്വ വികസന നിയമത്തിലൂടെ 5453 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇതിൽ നേരിട്ടുള്ള സംരംഭകരായ 2403 പേരെ കൂടാതെ 3050 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്.

(ഇ &എഫ്) കേരള സംരംഭകത്വ വികസന നിയമത്തിന്റെ അതിലംഘനത്തിന് കടാടിസ്ഥാനത്തിൽ പ്രോസിക്യൂട്ടിവുമാരെ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ കെ.എഫ്.സി.-യിൽ പത്തനംതിട്ട ഒഴികെയുള്ള എല്ലാ ബ്രാഞ്ചുകളിലും പ്രോസിക്യൂട്ടിവുമാരുടെ സേവനം ലഭ്യമാണ്. 2013 ഡിസംബർ മുതലാണ് പ്രോസിക്യൂട്ടിവുമാരെ നിയമിച്ചു തുടങ്ങിയത്. ഹെഡ് ഓഫീസിൽ പുറമേ 16 ശാഖകളിലും ആയി ഇതുവരെ 18 പേരെയാണ് നിയമിച്ചത്. ബി.ടെക്/എം.ബി.എ. യോഗ്യതയുള്ളതും രണ്ടു വർഷത്തെ ധനകാര്യ/വ്യവസായ മേഖലയിലെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. പത്തനംതിട്ട ശാഖ ഒഴികെ 17 പേരുടെ സേവനം നിലവിൽ ലഭ്യമാണ്.

ഗവൺമെന്റ് പ്ലീഡർ/ സ്റ്റേറ്റ് അറ്റോർണി/ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ/ അഡ്വക്കേറ്റ് ജനറൽ തുടങ്ങിയവരുടെ ശമ്പള വർദ്ധന

185 (3339) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. എം. സുധീരൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഗവ.പ്ലീഡർ/സ്റ്റേറ്റ് അറ്റോർണി/ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ/അഡ്വക്കേറ്റ് ജനറൽ ഇടങ്ങിയവരുടെ ശമ്പളവും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഏതിൽ പിന്നെ വീതം മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ടാണ് തീരുമാനം കൈക്കൊണ്ടിട്ടുള്ളത്; വർദ്ധന സംബന്ധിച്ച് തീരുമാനം എടുത്തത് ഏതു മാനദണ്ഡത്തിന്റെയും അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ശമ്പള വർദ്ധന മൂലമുണ്ടാകുന്ന അധിക ബാദ്ധ്യതകളെ കുറിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത ശമ്പള വർദ്ധന സംബന്ധമായ നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കപ്പെട്ടോ? എപ്പോഴായിരുന്നു; അതിനു മുമ്പേ സമർപ്പിക്കപ്പെട്ട ഇതുവരെ നിർദ്ദേശങ്ങളിന്മേൽ തീരുമാനം എടുക്കാനിരിക്കെ ഇക്കാര്യത്തിൽ ധൃതിപിടിച്ച് തീരുമാനം എടുക്കാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) അഡ്വക്കേറ്റ് ജനറലിന്റെ റിട്ടെയ്നർ ഫീസ് 70,000 രൂപയിൽ നിന്നും 2,00,000 രൂപയായും സുപ്രീം കോടതി മുമ്പാകെ ഹാജരാകുന്നതിന്, അഡീഷണൽസിന് 20,000 രൂപയിൽ നിന്നും 40,000 രൂപയായും 27-4-2015-ലെ സ.ഉ.(കൈ) 72/2015/നിയമം നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിന് 18-5-2015-ലെ സ.ഉ.(കൈ)82/2015/നിയമം നമ്പർ ഉത്തരവ് പ്രകാരം റിട്ടെയ്നർ ഫീസിന് 1-4-2012 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും തുല്യ വർദ്ധന ബാധകമാക്കിയിട്ടുണ്ട്. 8-10-2012-ലെ സ.ഉ.(കൈ) 216/2012/നിയമം നമ്പർ ഉത്തരവ് പ്രകാരം സ്റ്റേറ്റ് അറ്റോർണിയുടെ വേതനവും മറ്റാനുകൂല്യങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട്. 13-9-2013-ലെ സ.ഉ.(കൈ) 170/2013/നിയമം നമ്പർ ഉത്തരവ് മുഖേനയാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡർമാരുടെ വേതനം അവസാനമായി വർദ്ധിപ്പിച്ചത്. പ്രസ്തുത ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ ഗവൺമെന്റ് പ്ലീഡർമാർക്ക് 55,000 രൂപയും സീനിയർ ഗവൺമെന്റ് പ്ലീഡർമാർക്ക് 65,000 രൂപയും സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാർക്ക് 75,000 രൂപയും ആയി വേതനം നൽകിവരുന്നു.

(ബി) അഡ്വക്കേറ്റ് ജനറലിന്റെ റിട്ടെയ്നർ ഫീസ് വർദ്ധനവിന് 1-4-2012 മുതൽ 8-5-2015-ലെ സ.ഉ.(കൈ) 82/2015/നിയമം നമ്പർ ഉത്തരവ് പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. നിലവിലുള്ള അഡ്വക്കേറ്റ് ജനറൽ ചുമതലയേറ്റതിനുശേഷം വർക്കാർ കേസുകൾ വാദിക്കുന്നതിനുവേണ്ടി സുപ്രീംകോടതിയിലെ മുതിർന്ന അഭിഭാഷകരുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടില്ലാത്തതും വാജ്യരായ പ്രധാനപ്പെട്ട എല്ലാ കേസുകളിലും സർക്കാരിന് അനുകൂലമായ വിധി ഉണ്ടായിട്ടുള്ളതുമാണ്. കൂടാതെ മുൻ സർക്കാരിന്റെ കാലത്ത് ഈ ഇനത്തിൽ ഉണ്ടായ ഭീമമായ ചെലവിൽ നിന്നും വളരെ കുറഞ്ഞ തുകയാണ് സർക്കാരിന് ചെലവായിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലും നിലവിലുള്ള ജീവിത സൂചികാ നിരക്കിലുണ്ടായ വർദ്ധനവും കണക്കിലെടുത്തുകൊണ്ട് മന്ത്രിസഭാ യോഗമാണ് ഫീസ് വർദ്ധനവ് സംബന്ധിച്ച തീരുമാനമെടുത്തത്.

അഡ്വക്കേറ്റ് ജനറലിന്റെ റീട്ടെയ്നർ ഫീസ് വർദ്ധിപ്പിച്ചതുമൂലം പ്രതിമാസം 1,30,000 രൂപയുടെ അധിക ബാദ്ധ്യത സർക്കാരിന് ഉണ്ടാകും.

(ഡി) പ്രസ്തുത ഫീസ് വർദ്ധനവിന്റെ നിർദ്ദേശം 9-4-2015-നാണ് ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചത്. 25-3-2015-ലെ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് വർദ്ധിപ്പിച്ചത്. അഡ്വക്കേറ്റ് ജനറലിന്റെ ഫീസ് വർദ്ധിപ്പിച്ച തീരുമാനം ധ്രുതി പിടിച്ച് എടുത്തതല്ല.

മഹത് വ്യക്തികളെ അധിക്ഷേപിക്കുന്നത് തടയുന്നതിന് നിയമം

186 (3340) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറിപ്പാര സ്വാതന്ത്ര്യത്തിന്റെ പേരിൽ മഹത് വ്യക്തികളെയും ചരിത്ര വ്യക്തികളെയും അധിക്ഷേപിക്കുന്നത് കുറ്റകരമാണെന്ന സുപ്രീം കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള കേസുകൾ ശ്രദ്ധിക്കപ്പെട്ടാൽ നിലവിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;

(സി) മഹാത്മാഗാന്ധി ഉൾപ്പടെയുള്ള മഹത് വ്യക്തികളെ അധിക്ഷേപിച്ചുകൊണ്ട് പ്രസ്താവനകളും സാഹിത്യ സൃഷ്ടികളും നടത്തുന്നത് തടയുന്നതിന് പ്രസ്തുത ഉത്തരവിന്റെ ക്രോടി അടിസ്ഥാനത്തിൽ ശക്തമായ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) നിലവിൽ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly